**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6653** 21-03-2023 - ൽ മറുപടിയ്ക്ക്

**കുട്ടവിട്ടിക്കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി അനുമതി ലഭ്യമായ കുട്ടവിട്ടിക്കടവ് പാലത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; തുടർനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | കുടുവീട്ടിൽകടവ് പാലം നിർമാണവുമായി ബന്ധപ്പെട്ട് 31.10.2016 ലെ GO (Rt) No. 1496/2016/PWD പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകി. 21.08.2017 ലെ ഉത്തരവ് നമ്പർ APR-1/76/2017/KIIFB പ്രകാരം 12.35 കോടിയുടെ സാമ്പത്തിക അനുമതി കിഫ്ബി നൽകിയിട്ടുമുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി സ്ഥലം ഏറ്റെടുപ്പിനുള്ള നഷ്ടപരിഹാര തുകയായ 7.82 കോടി രൂപ 29.08.2022 ൽ കിഫ്ബിയിൽ നിന്നും അനുവദിച്ചതിനെ തുടർന്ന് 02.11.2022 ൽ 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. സ്ഥലം ഏറ്റെടുക്കലിനുള്ള തുടർനടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | കാട്ടാക്കട-വട്ടിയൂർക്കാവ് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മേലെക്കടവ് പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാമോ; ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കാട്ടാക്കട - വട്ടിയൂർക്കാവ് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മേലെക്കടവ് പാലത്തിന്റെ കാട്ടാക്കട ഭാഗത്ത് പുറമ്പോക്ക് ഭൂമി ലഭ്യമാണ്. വട്ടിയൂർക്കാവ് ഭാഗത്തെ പുറമ്പോക്ക് ഭൂമി താലൂക്ക് സർവ്വേയർ നിശ്ചയിച്ചു നൽകിയപ്പോൾ രണ്ടു കക്ഷികളുടെ സ്വകാര്യ ഭൂമി പാലത്തിന്റെ അനുബന്ധ റോഡിന്റെ അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്നുണ്ട്. ഈ ഭൂമി സറണ്ടറായി ലഭിക്കുന്നതിനുള്ള ശ്രമം നടത്തിയെങ്കിലും, ഇതുവരെയും ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കലിനാവശ്യമായ തുക കൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ